"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഖാദി യൂണിറ്റുകൾക്ക് ഖാദി ഗ്രാമവ്യവസായ കെട്ടിട നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ചർക്കകളും തറികളും മറ്റ് ഉപകരണങ്ങളും വാങ്ങി നൽകുന്നതിനും 100 ശതമാനം സബ്സിഡി പുനഃസ്ഥാപിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1824/2025/LSGD തീയതി,തിരുവനന്തപുരം, 25-07-2025

---

പരാമർശം:-

1. സ.ഉ.(സാധാ)നം.1400/2020/തസ്വഭവ; തീയതി 26.07.2020
2. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
3. സ.ഉ.(സാധാ)നം.2759/2022/തസ്വഭവ; തീയതി 09.11.2022
4. സ.ഉ.(സാധാ)നം.1436/2024/തസ്വഭവ; തീയതി 05.08.2024
5. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് വൈസ് ചെയർമാന്റെ 20.12.2024-ലെ KB/4958/17/K5 നമ്പർ കത്ത്
6. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.06.2025-ൽ കൂടിയ യോഗത്തിന്റെ തീരുമാനം 4.13

**ഉത്തരവ്**

ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെയും കേരള ഖാദി വ്യവസായ ബോർഡിന്റെയും അംഗീകാരമുള്ള ഖാദി സ്ഥാപനങ്ങൾക്കും, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് സ്വന്തമായി ഉള്ളതും മറ്റ് ഏജൻസികൾ വിട്ടു നൽകിയതുമായ സ്ഥലത്ത് നിലവിലുള്ള ഖാദി യൂണിറ്റുകൾക്ക് ഖാദി ഗ്രാമവ്യവസായ കെട്ടിട നിർമ്മാണത്തിനും, അറ്റകുറ്റപ്പണികൾ നടത്തുന്നതിനും, ചർക്കകളും തറികളും മറ്റ് ഉപകരണങ്ങളും വാങ്ങി നൽകുന്നതിനും 100 ശതമാനം സബ്സിഡി നൽകാൻ പരാമർശം 1 പ്രകാരം അനുമതി നൽകിയിരുന്നു. പതിനാലാം പഞ്ചവത്സര പദ്ധതിയിലെ പരാമർശം 2 സബ്സിഡി മാർഗ്ഗരേഖയിൽ പരാമർശം 1 ഉത്തരവിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തി, പരാമർശം 3 പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പരാമർശം 4 ഉത്തരവ് പ്രകാരം നിലവിലുള്ള യൂണിറ്റുകൾക്ക് ഖാദി വ്യവസായ കെട്ടിട നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ചർക്കകളും തറികളും മറ്റുപകരണങ്ങൾ വാങ്ങി നൽകുന്നതിനും ആകെ ചെലവിന്റെ 50 ശതമാനം നിരക്കിൽ പരമാവധി 30 ലക്ഷം രൂപയാണ് നിലവിൽ സബ്സിഡി നൽകാവുന്നത്.

2. സർക്കാർ അനുവദിക്കുന്ന പ്ലാൻ ഫണ്ട് അപര്യാപ്തമായതിനാൽ ഖാദി മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനും ഉപകരണങ്ങളുടെ നവീകരണത്തിനും ഫണ്ട്

കണ്ടെത്താൻ കഴിയാത്ത പ്രതിസന്ധി ഖാദി ബോർഡ് നേരിടുന്നുണ്ട് എന്നും, അതിന് പ്രതിവിധിയായി പരാമർശം 4 ഉത്തരവ് പുനഃപരിശോധിച്ച്, 100% സബ്സിഡി അനുവദിച്ചു കൊണ്ട് ത്രിതല പഞ്ചായത്തുകൾക്ക് പദ്ധതി വിഹിതം ഖാദി മേഖലയിൽ വകയിരുത്താൻ ഉത്തരവ് ലഭ്യമാക്കണമെന്നും കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് വൈസ് ചെയർമാൻ പരാമർശം 5 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെയും കേരള ഖാദി വ്യവസായ ബോർഡിന്റെയും അംഗീകാരമുള്ള ഖാദി സ്ഥാപനങ്ങൾക്ക്, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് സ്വന്തമായി ഉള്ളതും മറ്റ് ഏജൻസികൾ വിട്ടു നൽകിയതുമായ സ്ഥലത്ത് നിലവിലുള്ള ഖാദി യൂണിറ്റുകൾക്ക് ഖാദി ഗ്രാമവ്യവസായ കെട്ടിട നിർമ്മാണത്തിനും, അറ്റകുറ്റപ്പണികൾ നടത്തുന്നതിനും, ചർക്കകളും തറികളും മറ്റ് ഉപകരണങ്ങളും വാങ്ങി നൽകുന്നതിനും 100 ശതമാനം സബ്സിഡി നൽകാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്ന, പരാമർശം 1 ഉത്തരവ് പുനഃസ്ഥാപിച്ചുകൊണ്ടും, പരാമർശം 4 ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

1. വൈസ് ചെയർമാൻ, കേരള ഖാദി ഗ്രാമ വ്യാവസായ ബോർഡ്, തിരുവനന്തപുരം - 35
2. സെക്രട്ടറി, ഖാദി ഗ്രാമ വ്യവസായ കമ്മീഷൻ, തിരുവനന്തപുരം - 1
3. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
7. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
8. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
9. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
10. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
11. ഡയറക്ടർ-അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
12. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാകളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
18. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
19. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
20. ഡയറക്ടർ ജനറൽ, കില
21. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
22. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
23. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്

24. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 25-07-2025 11:16:04

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്